# എന്തിന്



# ഭാഗ്യം പരീക്ഷിക്കണം?

"**വി**മാനത്തിൽ കയറുവാൻ എനിക്കു പേടി തോന്നുന്നു, എങ്കിലും വീട്ടിൽ എത്തേണ്ട ആവശ്യമുണ്ട്!"

വിശാലമായ ആ അന്താരാഷ്ട്ര വിമാനത്താവളത്തിലെ യാത്രക്കാർ ടെർമിനൽ കെട്ടിടത്തിൽ ഭയചകിതരായി നിൽക്കുകയാണ്. കാരണം, 130 യാത്രക്കാരുമായി വേറൊരു വിമാനം തകർന്നു വീഴുന്ന ഭയാനകമായ രംഗം അവരുടെ മുന്നിൽ കാണുകയാണ്. "ഞാൻ ആ വിമാനത്തിൽ ഇല്ലാതിരുന്നതിൽ എനിക്കു സന്തോഷം! വിമാനത്തിൽ കയറാൻ പേടിച്ചുനിൽക്കുന്ന എനിക്ക് ഇപ്പോൾ പെയ്യുന്ന മഴ കൂടി കണ്ടിട്ട് കൂടുതൽ ഭയം തോന്നുന്നു" എന്ന് മറ്റൊരു യാത്രക്കാരൻ പറഞ്ഞു.

"എന്തിനു ഭാഗ്യപരീക്ഷണം നടത്തണം?"എന്ന് ആലോചിച്ച്, വിമാനം ദാരുണമായി തകരുമോ എന്നു ഭയപ്പെട്ട് "ഇനി ഒരിക്കലും വിമാനത്തിൽ കയറുവാൻ ഞാൻ ഇല്ല"എന്നു ചിന്തിക്കുന്ന എത്ര പേർ കാണുമെന്നു ഞാൻ ആലോചിക്കുകയാണ്.

## ഒന്നും സുരക്ഷിതമല്ല

നിങ്ങൾ ഓരോ തവണ കാറിൽ കയറി കടകളിൽ നിന്നും സാധനങ്ങൾ വാങ്ങുവാൻ പോകുമ്പോഴും അവിടെയും അപകടം ഉണ്ടാകുവാൻ സാദ്ധ്യതയില്ലേ? വിമാനാപകടത്തിൽ കൊല്ലപ്പെട്ടയാളുകളിൽ ഒരുവൻ വിമാനത്താവളത്തിനു സമീപമുള്ള റോഡിൽകൂടി കാറോടിച്ചുപോയ ആളായിരുന്നുവെന്ന് പത്രത്തിൽ വാർത്തയുണ്ടായിരുന്നു. അതുകൊണ്ട് നിങ്ങൾ ഇനി കാറോടിക്കുകയില്ലെന്നു തീരുമാനിക്കുമോ?

സൈക്കിൾ സവാരി നടത്തുമ്പോഴും, തിരക്കേറിയ റോഡു മുറിച്ചു കടക്കുമ്പോഴും, ശരിയല്ലാത്ത ഭക്ഷണം കഴിച്ചും, കടന്നൽ കുത്തേറ്റും, വിഷം ഉള്ളിൽ ചെന്നും മറ്റും ആളുകൾ മരണപ്പെടുന്നുണ്ട്. മദ്യപാനവും പുകവലിയും അനേകരുടെ ജീവിതം കവർന്നുകൊണ്ടിരിക്കുന്നു! മറ്റൊരു കൊലയാളി, അന്തരീക്ഷ മലിനീകരണമാണ്, ഭാവിയിൽ വരുവാനിരിക്കുന്ന അതിന്റെ ദോഷകരമായ പ്രത്യാഘാതങ്ങൾ ഇപ്പോൾ പൂർണ്ണമായി വിവരിക്കുവാൻ കഴിയുന്നില്ല.

ബൈബിളിൽ സൂചിപ്പിച്ചിട്ടുള്ള രണ്ടു വ്യക്തികൾ ഒഴിച്ചാൽ, 100 ശതമാനം ആളുകളും മരണം വഴിയാണ് ലോകത്തെ വിട്ടുപിരിഞ്ഞിട്ടുള്ളത്. മുൻപറഞ്ഞിട്ടുള്ള മരണകാരണങ്ങളെ ഒഴിവാക്കാൻ ശ്രമിച്ചാൽ നിങ്ങൾ എല്ലായ്പ്പോഴും വീട്ടിൽ കട്ടിലിൽ തന്നെ കിടക്കേണ്ടി വരും. അടുത്തകാലത്ത് എന്റെ ഭാര്യാസഹോദരൻ കിടക്കയിൽ വച്ചുതന്നെ മരിച്ചു (മരിക്കാനുള്ള പ്രായം ഇല്ലായിരുന്നു താനും) – അതിനാൽ മരണത്തിൽ നിന്നും രക്ഷപ്പെടുവാൻ ആർക്കും കഴിയുകയില്ല.

## മെച്ചമായ ഒരു വഴി ഉണ്ട്

ഇത് നിരാശാജനകമായി തോന്നിയേക്കാമെന്ന് എനിക്ക് അറിയാം. എങ്കിലും മെച്ചപ്പെട്ട ഒരു വഴി ഞാൻ കാണിച്ചുതരട്ടെ. ദൈവവചനം എന്ന് ധാരാളം പേർക്ക് അറിയാവുന്ന ബൈബിളിൽ ആണ് അതു കാണുന്നത്.

ബൈബിളിൽ പറയുന്നു, "ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിക്കപ്പെടും"(1 കൊരി 15:22). അതിന്റെ അർത്ഥം, പിതാവായ ആദാമും മാതാവായ ഹവ്വായും മാരകമാംവണ്ണം തന്നിഷ്ടപ്രകാരം ദൈവത്തോട് അനുസരണക്കേട് കാണിച്ചതിനാൽ നാം എല്ലാവരും ശാരീരികമായ മരണത്തിനു മാത്രമല്ല, നിത്യമായ മരണത്തിനും ഇരയായിത്തീർന്നു (നമ്മുടെ പാപങ്ങൾക്കുള്ള ശിക്ഷ). "ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കുന്നു" (എബ്രാ 9:27).

"അങ്ങനെ തന്നെ അനേകരുടെ പാപങ്ങളെ ചുമപ്പാൻ ഒരിക്കൽ അർപ്പിക്കപ്പെട്ട് തനിക്കായി കാത്തുനിൽക്കു

ന്നവരുടെ രക്ഷക്കായി അവൻ പാപം കൂടാതെ രണ്ടാമതു പ്രത്യക്ഷനാകും"(എബ്രാ 9:28). അതിന്റെ അർത്ഥം കർത്താവായ യേശുക്രിസ്തു (ദൈവപുത്രൻ) നമ്മുടെ പാപങ്ങളെ വഹിച്ചുകൊണ്ട് ക്രൂശിൽ മരിച്ച് നമുക്ക് സ്വർഗ്ഗത്തിലേക്ക് കടന്നുചെല്ലുവാനുള്ള പൂർണ്ണമായ അവകാശം നൽകിയിരിക്കുന്നു. അതിനാൽ "ക്രിസ്തുവിൽ"എന്ന ശൈലി, നിങ്ങൾ ഒരു പാപിയാകുന്നു എന്നു തിരിച്ചറിഞ്ഞ്, ക്രിസ്തുവിങ്കലേക്ക് തിരിഞ്ഞ് ശാരീരിക മരണത്തിൽ നിന്നും നിത്യശിക്ഷാവിധിയിൽ നിന്നും ആകമാനം രക്ഷ നേടുന്ന അനുഭവമാണ്.

## എന്തിന് ഭാഗ്യം പരീക്ഷിക്കണം?

നിങ്ങൾ മുൻപറഞ്ഞതുപോലെയുള്ള ഏതെങ്കിലും ആപത്തിൽപെട്ട് മരിച്ചാലും, പ്രായം ചെന്ന് മരിച്ചാലും, പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന സ്ഥലത്ത് എന്തിനാണ് നിത്യദണ്ഡനം അനുഭവിക്കുന്നത്? ക്രിസ്തുവിന്റെ ക്രൂശുമരണത്തിൽ വിശ്വാസം അർപ്പിച്ച് രക്ഷ നേടുന്നതല്ലേ ഏറ്റവും അഭികാമ്യം?

ബൈബിളിൽ പറയുന്നു, "നാം പാപികളായിരിക്കുമ്പോൾ തന്നെ ക്രിസ്തു നമുക്ക് വേണ്ടി മരിച്ചു" (റോമ 5:8). "പാപത്തിന്റെ ശമ്പളം മരണം, ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള നിത്യജീവൻ തന്നെ" (റോമ 6:23).

## എന്തിനു ഭാഗ്യം പരീക്ഷിക്കണം? ? ? ?

— *C.Darling*


**പ്രത്യാശാദീപം**

മേഴ്സിഹോം, ചേപ്പാട് പി.ഒ

ആലപ്പുഴ ജില്ല 690 507